I/125389/2023

<u>സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>

(ഹാജർ: എച്ച്.ദിനേശൻ.ഐ.എ.എസ് )

ഉത്തരവ് നം. SJD/1673/2020-E1

തിരുവനന്തപുരം,

തീയതി. 09-11-2023

---

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - സീനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥലംമാറ്റം/ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.30/6/2023 ലെ SJD/568/2023-E6 നം ഗസറ്റ് വിജ്ഞാപനം

2.സ.ഉ.(സാധാ) നം.221/2023/SJD തീയതി.03-11-2023

3.ജീവനക്കാരിൽ നിന്നും ലഭ്യമായ സ്ഥലംമാറ്റ അപേക്ഷകൾ

3.സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 7-7-2023 തീയതിയിലെ SJD/1719/2020-E1 നടപടിക്രമങ്ങൾ

സാമൂഹ്യനീതിവകുപ്പിൽ സീനിയർ സൂപ്രണ്ട്-ന്റെ 18 സ്ഥിരം തസ്തികകളാണ് നിലവിലുള്ളത്. സീനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും 31/05/2023-ൽ ശ്രീമതി.ശ്രീജ ചന്ദ്രൻ സേവനത്തിൽ നിന്നും പെൻഷൻപ്പറ്റി വിരമിച്ചത് മുഖേനയും സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ഹരികുമാരൻ നായർ.എ.കെ, ശ്രീ.പ്രദീപ്.പി എന്നിവർക്ക് പരാമർശം (2) പ്രകാരം ജില്ല സാമൂഹ്യനീതി ഓഫീസർമാരായി ഉദ്യോഗക്കയറ്റം അനുവദിച്ച് മുഖേനയുമാണ് ഈ ഒഴിവുകൾ നിലവിൽ വന്നിട്ടുള്ളത്. വകുപ്പിൽ നിലവിലുള്ള മൂന്ന് സീനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവുകളിലേയ്ക്കും ലോവർ ഡി.പി.സി കൂടി സർക്കാർ അംഗീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള സെലക്ട് ലിസ്റ്റിലെ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം അനുവദനീയമാണ്.

ഈ സാഹചര്യത്തിൽ നിലവിലുള്ള മൂന്ന് സീനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവുകളിലേക്കും പരാമർശം (1) സെലക്ട് ലിസ്റ്റിലെ ക്രമ നം. 1,2,3 ആയി ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന ജീവനക്കാർക്ക് സീനിയർസൂപ്രണ്ട് തസ്തികയിൽ കെ.എസ്&എസ്.എസ്.ആർ ചട്ടം 28 എ (1) പ്രകാരം രൂപ 51400-110300 ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി അവരവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയങ്ങളിൽ നിയമിച്ചും സീനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>സ്ഥാനക്കയറ്റം</u>**

| ക്രമ നം | ജീവനക്കാരുടെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1. | ശ്രീ. രാജീവ്.ബി,<br>ജൂനിയർ സൂപ്രണ്ട്,<br>ജില്ല സാമൂഹ്യനീതി ഓഫീസ്, മലപ്പുറം. | സീനിയർ സൂപ്രണ്ട്,<br>ജില്ല സാമൂഹ്യനീതി ഓഫീസ്,<br>കോഴിക്കോട്. |

| | | |
|---|---|---|
| 2. | ശ്രീ. സിനോ സവി.സി.ജെ,<br>ജൂനിയർ സൂപ്രണ്ട്<br>ജില്ല സാമൂഹ്യനീതി ഓഫീസ്,<br>തൃശ്ശൂർ. | സീനിയർ സൂപ്രണ്ട്,<br>ജില്ല സാമൂഹ്യനീതി ഓഫീസ്,<br>തിരുവനന്തപുരം. |
| 3. | ശ്രീ.എം.എസ്.ശിവദാസ്,<br>ജൂനിയർ സൂപ്രണ്ട്<br>ജില്ല സാമൂഹ്യനീതി ഓഫീസ്,<br>പത്തനംതിട്ട. | സീനിയർ സൂപ്രണ്ട്,<br>സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം. |

**<u>സ്ഥലം മാറ്റം</u>**

| ക്രമ നം | ജീവനക്കാരുടെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | സ്ഥലം മാറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1. | ശ്രീമതി. സിന്ധു.എം.പി, സീനിയർ സൂപ്രണ്ട്,<br>ജില്ല സാമൂഹ്യനീതി ഓഫീസ്,<br>തിരുവനന്തപുരം. | സീനിയർ സൂപ്രണ്ട്,<br>സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം. |
| 2. | ശ്രീ. രംഗരാജ്.ബി ,<br>സീനിയർ സൂപ്രണ്ട്<br>ജില്ല സാമൂഹ്യനീതി ഓഫീസ്,<br>കോഴിക്കോട്. | സീനിയർ സൂപ്രണ്ട്,<br>ജില്ല സാമൂഹ്യനീതി ഓഫീസ്,<br>കൊല്ലം. |

സ്ഥാനക്കയറ്റം അനുവദിയ്ക്കപ്പെട്ട ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് സ്ഥലംമാറ്റം അനുവദിയ്ക്കപ്പെട്ട ജീവനക്കാർ എല്ലാ ചുമതലകളും (DDO ചുമതല അടക്കം) കൈമാറി നൽകേണ്ടതും വിവരം രേഖാമൂലം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ശ്രീ.രാജീവൻ.ബി ജൂനിയർ സൂപ്രണ്ട് നിലവിൽ സ്ഥാപന നടത്തിപ്പുമായി ബന്ധപ്പെട്ട് ദൈനംദിനകാര്യങ്ങളുടെ പൂർണ്ണ അധികചുമതല നിർവഹിയ്ക്കുന്ന മലപ്പുറം പ്രതീക്ഷ ഭവൻ, മലപ്പുറം ഗവ.വൃദ്ധസദനം എന്നിവയുടെ ചുമതല താൽക്കാലികമായി DDO ശ്രീമതി.സതീദേവി.വി.വി സീനിയർ സൂപ്രണ്ട് നിർവഹിയ്ക്കേണ്ടതാണ്.

സീനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിക്കുന്നതിനായി ലോവർ ഡി.പി.സി യോഗം ചേർന്ന് സെലക്ട് ലിസ്റ്റ് തയ്യാറാക്കിയ ശേഷം പരാമർശം (4) ഉത്തരവ് പ്രകാരം, ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ശ്രീ.എം.എസ്.ശിവദാസിന് മുമ്പിലായി ശ്രീ.സഞ്ജയൻ.എം.വി-ക്ക് സീനിയോരിറ്റി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ശ്രീ.സഞ്ജയൻ.എം.വിയ്ക്ക് സീനിയർ സൂപ്രണ്ട് തസ്തികയിൽ ഭാവിയിൽ നോഷണലായി ഈ ഉത്തരവ് തീയതി അടിസ്ഥാനത്തിൽ സീനിയോരിറ്റി അനുവദിക്കുന്ന കാര്യം അർഹതാവിധേയമായി പരിശോധിക്കുന്നതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച എല്ലാ ജീവനക്കാർക്കും ചട്ടപ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും, പ്രവേശനകാലത്തിനും, യാത്രാബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത യാത്രാബത്തയ്ക്കും, യഥാർത്ഥ യാത്രാസമയത്തിനും അർഹത

ഉണ്ടായിരിക്കും.

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവികൾ വിടുതൽ ചെയ്യേണ്ടതും ജീവനക്കാർ യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ജീവനക്കാരുടെ വിടുതൽ/പ്രവേശനം എന്നിവ സംബന്ധിച്ച റിപ്പോർട്ടും ആർ.ടി.സിയും കാര്യാലയ മേധാവികൾ ഈ കാര്യാലയത്തിൽ അയച്ചു തരേണ്ടതുമാണ്.

എച്ച്. ദിനേശൻ.ഐ.എ.എസ്
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
2. എല്ലാ കാര്യാലയ/സ്ഥാപന മേധാവികൾക്കും
3. ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്
4. എഫ് സെക്ഷൻ സൂപ്രണ്ട് (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
5. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

**Signed by H Dineshan**
**Date: 09-11-2023 10:33:18**